# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറം ഗ്രാമപഞ്ചായത്ത് - 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6, 2009-10 & 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.608/16/തസ്വഭവ. തിരുവനന്തപുരം,തീയതി: 15/02/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 11/05/2015-ലെ എം3-13005/15 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 08/10/2015-ലെ LF/7579/PT2/2015 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം നേന്ത്രവാഴക്കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ലക്ഷ്യമിട്ടിരുന്ന സമഗ്ര നേന്ത്രവാഴക്കൃഷി വികസനം എന്ന പ്രോജക്ട് വാഴക്കന്നുകളും രാസവളവും വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും അംഗീകരിക്കപ്പെട്ട പ്രോജക്ടിൽനിന്നും വിരുദ്ധമായി മുഴുവൻ തുകയും വളവിതരണത്തിനായി ചെലവഴിച്ചതിനാൽ നേന്ത്ര വാഴക്കന്നുകൾ വാങ്ങി വിതരണം ചെയ്യാൻ നീക്കി വെച്ച 30,000/-രൂപ, 2009-10 & 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും പഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാത്ത സ്കൂളിന് ഫർണ്ണിച്ചർ വാങ്ങി നൽകിയതിന് ചെലവഴിച്ച 1,00,000/-രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷകളും ഭരണസമിതി തീരുമാനങ്ങളുടെ പകർപ്പും, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പും,ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശയും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ 2006-07 വർഷത്തിലെ 3.6 ഖണ്ഡിക പ്രകാരം പദ്ധതി നടപ്പിലാക്കിയ സമയത്ത് ഗുണമേന്മയുള്ള വാഴക്കന്നുകൾ ലഭ്യമല്ലാത്തതിനാലും കർഷകർ അവരുടെ കൈവശമുള്ള വാഴക്കന്നുകൾ ഉപയോഗിച്ച് കൃഷി തുടങ്ങിയതിനാലും വാഴവിത്ത് വിതരണം നടത്തുവാൻ കഴിഞ്ഞില്ലെന്നും

ഗുണനിലവാരം കുറഞ്ഞ വിത്ത് വിതരണം നടത്തിയാൽ കൃഷി പരാജയപ്പെടും എന്നതിനാലുമാണ് രാസവളം, കുമ്മായം എന്നിവയുടെ വിതരണത്താൽ പദ്ധതി പൂർത്തീകരിക്കേണ്ടി വന്നതെന്നും, 2009-10 & 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും പഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാത്ത സ്കൂളിന് ഫർണ്ണിച്ചർ വാങ്ങി നൽകിയത് പഞ്ചായത്തിലെ ഏക സർക്കാർ ഹയർസെക്കന്ററി സ്കൂളിൽ ഫർണ്ണിച്ചറുകളുടെ അപര്യാപ്തത അനുഭവിക്കുന്ന ഘട്ടത്തിലാണ് സ്കൂളിന് ഫർണ്ണിച്ചറുകൾ വാങ്ങി നൽകിയതെന്ന ഗ്രാമപഞ്ചായത്തിന്റെ സാധാരണ യോഗത്തിന്റെ 9(3)-ാം നമ്പർ യോഗത്തിൽ വിശദീകരിച്ചിട്ടുള്ളതിനാലും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഡയറക്ടറുടേയും ശുപാർശയുടെയും അടിസ്ഥാനത്തിലും സർക്കാരിന് കൈമാറിക്കിട്ടാത്ത സ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകിയ തുകയ്ക്ക് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി ഓഡിറ്റ് തടസ്സം സാങ്കേതികമായതിനാൽ പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ 30,000/-(മുപ്പതിനായിരം രൂപ മാത്രം) രൂപ, 2009-10 & 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം തടസ്സപ്പെടുത്തിയ 1,00,000/-(ഒരു ലക്ഷം രൂപ മാത്രം) രൂപ എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, തിരുവേഗപ്പുറം ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ